പതിന്നാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 3092 07/02/2018 ൽ മറുപടിയ്ക്ക്

## മാവേലിക്കര താലൂക്കിൽ പാലമേൽ വില്ലേജിൽ പുതുക്കിയ തണ്ടപ്പേർ നൽകുന്നതിലെ കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര താലൂക്കിൽ പാലമേൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 21 ൽ മുൻ സർവ്വേ നമ്പർ 220/2-15 ന്റെ പഴയ മെഷർമെന്റ് സ്കെച്ച് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് താമസത്തിന് കാരണം വിശദമാക്കാമോ; | (എ) ഇല്ല. സെൻട്രൽ സർവ്വേ ഓഫീസിൽ പ്രസ്തുത സ്കെച്ച് ലഭ്യമല്ല. |
| (ബി) ഇത് സംബന്ധിച്ച് പരാതിക്കാരനായ ശ്രീ.രവീന്ദ്രന്റെയും അദ്ദേഹത്തിന്റെ മാതാവിന്റെയും പേരിൽ മുൻ തണ്ടപ്പേർ നമ്പർ 7694 ൽപ്പെട്ട 45.5 സെന്റിൽ നിന്നും സർക്കാർ ഏറ്റെടുത്ത 14.75 സെന്റ് ഭൂമി കഴിച്ച് ബാക്കി സ്ഥലം കണ്ടെത്തി ആ വസ്തുവിന് പുതിയ തണ്ടപ്പേർ നൽകി കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് വിശദാംശം നൽകാമോ; | (ബി) ഇല്ല. നിലവിൽ ടി സ്ഥലം അപേക്ഷകന്റെ കൈവശമുണ്ടെങ്കിലും റീസർവ്വേ റിക്കാർഡുകളിൽ കനാൽ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| (സി) പ്രസ്തുത വിഷയത്തിൽ ഉടമസ്ഥന്റെ അപേക്ഷ എന്നാണ് നൽകിയിട്ടുള്ളത്; ഇതിൽ കാലതാമസം വന്നിട്ടുള്ളതിന് കാരണം വ്യക്തമാക്കാമോ ? | (സി) 26/12/2012 ലാണ് അപേക്ഷ ലഭിച്ചിട്ടുളളത്. 25/10/2017 ൽ കെ.ഐ.പി. ചാരുംമൂട് ഡിവിഷന്റെ അസിസ്റ്റന്റ് എൻജിനീയർ, ഹെഡ് സർവ്വേയർ എന്നിവരുടെ പരിശോധനയിൽ റീസർവ്വേ പിശകല്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ലാന്റ് അക്വിസിഷൻ നിയമപ്രകാരം കെ.ഐ.പി. ഏറ്റെടുത്ത ഭൂമിയാണ് പരാതിക്കാരൻ |

കൈവശമുള്ളതായി അവകാശപ്പെടുന്നത്. മുൻസർവ്വെ 220/2 ൽപ്പെട്ടതാണ് ഈ വസ്തു. പരാതി പരിഹാരത്തിന് ഇതിന്റെ പഴയ മെഷർമെന്റ് സ്കെച്ച്,എൽ.എ.അക്വിസിഷൻ സ്കെച്ച്, മഹസ്സർ എന്നിവകൂടി ലഭ്യമാകേണ്ടതുണ്ട്. ഇവ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും ലഭ്യമാകാത്തതാണ് പരാതിപരിഹാരത്തിനുള്ള കാലതാമസത്തിന്റെ പ്രധാന കാരണം. സ്ഥല പരിശോധന നടത്തിയതിലും , ലഭ്യമായ റിക്കാർഡുകൾ പരിശോധിച്ചതിലും റീസർവ്വെ റിക്കാർഡുകൾ തയ്യാറാക്കിയപ്പോൾ സംഭവിച്ച പിശകല്ലെന്നാണ് കാണുന്നത്. കെ.ഐ.പി യുടേതായി റിക്കാർഡിൽ വന്നിട്ടുള്ള സ്ഥലം ലാൻഡ് അക്വിസിഷൻ നിയമ പ്രകാരം ഏറ്റെടുത്ത ഭൂമി തന്നെയാണെന്ന് കെ.ഐ.പി അധികൃതരും പറയുന്നു. എന്നാൽ ഏറ്റെടുത്ത മുഴുവൻ ഭൂമിയ്ക്കും നഷ്ടപരിഹാരതുക ലഭിച്ചിട്ടില്ലെന്നും അപേക്ഷകൻ പറയുന്നു. ഇക്കാര്യത്തിൽ ആലപ്പുഴ ലാൻഡ് അക്വിസിഷൻ (ജനറൽ) സ്പെഷ്യൽ തഹസിൽദാർ ആഫീസുമായും കെ.ഐ.പി അധികൃതരുമായും ബന്ധപ്പെട്ട് പരിഹാരം തേടണമെന്നും കാണിച്ച് അപേക്ഷകന് 16/12/2017 ന് കത്ത് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ